**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3445** **26-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലാ കൃഷിതോട്ടത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കരയിലെ തഴക്കര ജില്ലാ കൃഷിതോട്ടത്തിന് എത്ര ഏക്കർ ഭൂമിയുണ്ടെന്നും അതിൽ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നുവെന്നും ഏതെല്ലാം കൃഷി ആണ് ഉള്ളതെന്നും വിശദമാക്കുമോ; | (എ) | മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിന്റെ ആകെ വിസ്തൃതി 37.66 ഹെക്ടർ, കൃഷിയോഗ്യമായ ഭൂമി 30.12 ഹെക്ടർ, റോഡ്, കെട്ടിടം, ഇൻഫ്രാസ്ട്രക്ചർ, കുളങ്ങൾ -7.54 ഹെക്ടർ . ഇവിടെ വാഴ, തെങ്ങ്, പച്ചക്കറി, ഫലവർഗ വിളകൾ, കിഴങ്ങു വർഗ്ഗങ്ങൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കളും ഫലങ്ങളും ഉത്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. |
| (ബി) | ഇവിടെനിന്നും എന്തൊക്കെയാണ് വിപണനം ചെയ്യുന്നതെന്ന് അറിയിക്കുമോ; | (ബി) | വിവിധയിനം പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ, വാഴക്കന്നുകളും തൈകളും ,തെങ്ങിൻ തൈകൾ (നാടൻ, കുള്ളൻ ഇനങ്ങൾ), ഫലവർഗ വിളകൾ, കുരുമുളക്, കിഴങ്ങു വർഗ്ഗങ്ങൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ, വിവിധയിനം പച്ചക്കറികൾ, കോഴിമുട്ട എന്നിവ ഇവിടെ നിന്നും വിപണനം ചെയ്തു വരുന്നു. |
| (സി) | ഇവിടെ എത്ര തൊഴിലാളികളും ഉദ്യോഗസ്ഥരും ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; | (സി) | സ്ഥിരം തൊഴിലാളികൾ-58, കാഷ്വൽ തൊഴിലാളികൾ-31, സൂപ്രണ്ട്-1, കൃഷി ഓഫീസർ-1, ജൂനിയർ സൂപ്രണ്ട്-1, കൃഷി അസിസ്റ്റന്റ്- 3, ക്ലാർക്ക്-2, ഓഫീസ് അസിസ്റ്റന്റ്-1, വാച്ച്മാൻ-2, ട്രാക്ടർ ഡ്രൈവർ-1, ഡ്രൈവർ-1 |
| (ഡി) | പ്രസ്തുത ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ആലപ്പുഴ ജില്ലാ കൃഷിത്തോട്ടത്തിന്റെ വികസനത്തിനായി നടപ്പ വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് . ഫല വർഗ വികസന പദ്ധതിയിൽ ഫല വൃക്ഷ തൈകളുടെ ഉത്പാദനം, പോളി ഹൗസ് നിർമാണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, മാതൃ വൃക്ഷ തോട്ടം സ്ഥാപിക്കൽ എന്നിവക്കായി 76.5 ലക്ഷം രൂപ, റീജിയണൽ നാളികേര നഴ്സറി സ്ഥാപിക്കുന്നതിന് 13.44 ലക്ഷം രൂപ, "നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും" എന്ന പദ്ധതിയിൽ വിവിധ വിളകളുടെ നടീൽ വസ്തുക്കളുടെ |

| | | | |
|---|---|---|---|
| | | | ഉത്പാദനത്തിനും വിതരണത്തിനുമായി 25.33 ലക്ഷം രൂപ, "നാളികേര കൗൺസിൽ" എന്ന പദ്ധതിയിൽ നാളികേര നഴ്സറിക്കായി 4 ലക്ഷം രൂപ "ഫാമിൽ ഹൈ - ടെക് യൂണിറ്റ് " എന്ന പദ്ധതിയിൽ 2.8 ലക്ഷം രൂപ, എന്ന തോതിൽ കൃഷി വകുപ്പിൽ നിന്നും ഫാമിന് ഈ വർഷം ഫണ്ട് നൽകിയിട്ടുണ്ട്. ആർ. ഐ. ഡി .എഫ് - നു കീഴിൽ ഫാമിന്റെ വികസനത്തിനായി ചുറ്റുമതിൽ നിർമ്മാണം, ജലസേചന സൗകര്യങ്ങളുടെ വികസനം, 500ൽപ്പരം മുട്ടക്കോഴികളുടെ വളർത്തലും മുട്ടവിപണനവും എന്നിവ ഉൾകൊള്ളിച്ചു കൊണ്ടുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ